**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ഗ്രാമീണ റോഡുകൾക്കായുള്ള കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5351 — 23-05-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| | ശ്രീ. അബ്ദുൽ ഹമീദ് പി. | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്കായുള്ള കേന്ദ്രത്തിന്റെ പ്രത്യേക ധന സഹായം കേരളത്തിന് നഷ്ടമായെന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ധനസഹായം കേരളത്തിന് ലഭിക്കാതെ പോയതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ പി.എം.ജി.എസ്.വൈ പദ്ധതിക്കുള്ള പ്രത്യേക അധിക ഫണ്ട് (Financial Incentive) അനുവദിച്ചത് 31/12/2016-ലെ പുരോഗതി വിലയിരുത്തിയാണ്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, നോട്ട് അസാധുവാക്കൽ, ജലദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ പ്രതീക്ഷിച്ച നിർവ്വഹണ പുരോഗതി ഇക്കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | കേന്ദ്ര ധനസഹായങ്ങൾ നഷ്ടപ്പെടുത്താതെ നേടിയെടുക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. പദ്ധതിയുടെ സാമ്പത്തിക/ഭൗതിക പുരഗതി റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും ടാർജറ്റ് നിശ്ചയിച്ച് പ്രവൃത്തികൾ കൃത്യ സമയത്ത് പൂർത്തീകരിക്കുന്നതിനും, പദ്ധതി നടത്തിപ്പിൽ നേരിടുന്ന തടസ്സങ്ങൾ യഥാസമയങ്ങളിൽ വിലയിരുത്തി പരിഹരിക്കുന്നതിനും വേണ്ട കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

2